1. ഫ്രാൻസിൽ നടക്കുന്ന ജി-7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി - യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഉഭയകക്ഷി കൂടിക്കാഴ്ച ഇന്ന്.
2. പിഎം ശ്രീ പദ്ധതിയിൽ കരിക്കുലം നിശ്ചയിക്കാനും സ്കൂളുകൾ തെരഞ്ഞെടുക്കാനുമുള്ള അവകാശം സംസ്ഥാന സർക്കാരിനായിരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മുൻ സർക്കാർ തുടങ്ങിവെച്ച പദ്ധതി തുടരുമെന്നും മുഖ്യമന്ത്രി.
3. സി.എം.ആർ.എൽ പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് മേധാവിയുമായ ടി. വീണ എൻഫോഴ്സ് ഡയറക്ടറേറ്റിന് മുന്നിൽ ഹാജരായി.
4. സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്; പാലക്കാട് ഡങ്കിപ്പനി ബാധിച്ച് ഒരു മരണം.
5. ഫിഫ ലോകകപ്പിൽ അൾജീരിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് അർജന്റീന; ആറാം ലോകകപ്പിൽ ലയണൽ മെസ്സിയുടെ തകർപ്പൻ ഹാട്രിക്ക്.

RNU TVPM

## 6. ഐ.സി.സി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ന് ഇന്ത്യ - നെതർലൻഡ്സ് പോരാട്ടം.

**********************************

**പ്രധാനമന്ത്രി - ട്രംപ്**

ജി-7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപും തമ്മിലുള്ള ഉഭയകക്ഷി കൂടിക്കാഴ്ച ഇന്ന് നടക്കും. 2025 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡിസിയിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരു നേതാക്കളും നേരിട്ട് ചർച്ച നടത്തുന്നത് ഇതാദ്യമായാണ്. വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതിനൊപ്പം പ്രാദേശികവും അന്തർദ്ദേശീയവുമായ പ്രാധാന്യമുള്ള വിഷയങ്ങളും ഇരുവരും ചർച്ചചെയ്യും.

**********************************

**ജി-7 രാഷ്ട്രങ്ങൾ**

ആരോഗ്യ-രംഗത്തും വികസനത്തിലും ആഗോള സഹകരണം ശക്തമാക്കാൻ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി കൈകോർത്ത് ജി-7 സഖ്യം. അർബുദ നിർമാർജനത്തിനും പ്രതിരോധത്തിനുമുള്ള ആഗോള പോരാട്ടം ശക്തമാക്കാൻ ഉച്ചകോടിയിൽ തീരുമാനമായി. ഇന്ത്യ ഉൾപ്പെടെയുള്ള പങ്കാളിത്ത രാജ്യങ്ങളുമായി ചേർന്ന് ആഗോളതലത്തിൽ ആരോഗ്യ–വികസന രംഗത്ത് സഹകരണം ശക്തമാക്കുന്നതിനുള്ള സുപ്രധാന പദ്ധതികൾ ജി-7 രാഷ്ട്രങ്ങൾ പ്രഖ്യാപിച്ചു.

**********************************

RNU TVPM

## മുഖ്യമന്ത്രി-പി.എം. ശ്രീ (ഇൻട്രോ)

പിഎം ശ്രീ പദ്ധതിയിൽ കരിക്കുലം നിശ്ചയിക്കാനും സ്കൂളുകൾ തെരഞ്ഞെടുക്കാനുമുള്ള അവകാശം സംസ്ഥാന സർക്കാരിനായിരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. കേന്ദ്രസർക്കാരിനെ കാര്യങ്ങൾ അറിയിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയതായും അദ്ദേഹം അറിയിച്ചു.

(വോയ്സ്...)

***************************

## പരിശീലന പരിപാടി

നിയമസഭാ സാമാജികർക്കുള്ള ദ്വിദിന പരിശീലന പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ നിയമസഭാ സമ്മേളനം നടക്കുന്നത് കേരളത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. പൊതു താത്പര്യം സംരക്ഷിച്ച് ജനപ്രതിനിധികൾ മുന്നോട്ട് പോകണമെന്ന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ വ്യക്തമാക്കി.

കാര്യങ്ങൾ വിശദമായി പഠിച്ച് സഭയിൽ അവതരിപ്പിക്കുന്നതിന് നന്നായി ഗൃഹപാഠം ചെയ്യണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു.

***************************

## സി.എം.ആർ.എൽ

സിഎംആർഎൽ-എക്സാലോജിക് പണമിടപാട് കേസിൽ ചോദ്യം ചെയ്യലിനായി മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് മേധാവിയുമായ ടി. വീണ എൻഫോഴ്സ്

RNU TVPM

ഡയറക്ടറേറ്റിന് മുമ്പിൽ ഹാജരായി. കൊച്ചിയിലെ ഓഫീസിലാണ് വീണ ഹാജരായത്. കഴിഞ്ഞ വെള്ളിയാഴ്ച ഹാജരാകാൻ ഇ.ഡി ആവശ്യപ്പെട്ടിരുന്നെങ്കിലും ആരോഗ്യപ്രശ്നങ്ങൾ കാരണം ഹാജരാകാത്ത സാഹചര്യത്തിൽ ഇന്ന് എത്താൻ നിർദേശിക്കുകയായിരുന്നു.

******************************

## സെൻസസ് 2027

കേരളത്തിൽ സെൻസസ് 2027 ഒന്നാം ഘട്ട നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സെൻസസ് ഒന്നാം ഘട്ടത്തിൽ നിരവധി പ്രമുഖർ സെൽഫ് എന്യൂമറേഷൻ പൂർത്തിയാക്കി. se.census.gov.in എന്ന പോർട്ടലിലൂടെ ജനങ്ങൾക്ക് വിവരങ്ങൾ സമർപ്പിക്കാം. അടുത്ത ഘട്ട പ്രവർത്തനങ്ങൾ ജൂലൈ ഒന്ന് മുതൽ ആരംഭിക്കും.

RNU TVPM

******************************

## യോഗ

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഈ മാസം 21 ന് ആചരിക്കുന്ന യോഗ ദിനത്തിൻറെ പ്രമേയം.

******************************

## നീറ്റ് പരീക്ഷ - വ്യാജ പ്രചാരണം

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വ്യാജ പ്രചാരണങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. പുനഃപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്ന തരത്തിൽ ടെലിഗ്രാമിൽ ചില ചാനലുകൾ സജീവമാണെന്നും 14,000 രൂപ മുതൽ 25,000 രൂപ വരെയാണ് ആവശ്യപ്പെടുന്നതെന്നും

എൻ.ടി.എ അറിയിച്ചു. എന്നാൽ ചോദ്യപേപ്പർ ചോർന്നിട്ടില്ലെന്നും ഇത്തരം പ്രചാരണങ്ങൾ പൂർണ്ണമായും വ്യാജമാണെന്നും എൻ.ടി.എ വ്യക്തമാക്കി.

## പ്ലസ് വൺ

സംസ്ഥാനത്ത് പ്ലസ് വൺ ആദ്യ അലോട്ട്മെന്റ് പ്രവേശനം ഇന്ന് കൂടി. അലോട്ട്മെന്റ് ലഭിച്ചവർ വൈകിട്ട് നാലിനകം പ്രവേശനം നേടണം. ഈ മാസം 22 ന് രണ്ടാം ഘട്ട അലോട്ട്മെൻറും 29 ന് മൂന്നാം അലോട്ട്മെൻറും പ്രസിദ്ധീകരിക്കും.

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ്

കെ. ടി. തോമസിന് പദ്മവിഭൂഷണും, നടൻ മമ്മൂട്ടിക്ക് പദ്മഭൂഷണും പ്രമുഖ വെറ്ററിനറി ഫാർമക്കോളജിസ്റ്റ് ഡോ. പുണ്യമൂർത്തി നടേശന് പത്മശ്രീയും സമ്മാനിക്കും.

## ക്രിക്കറ്റ്

ഇംഗ്ലണ്ടിൽ നടക്കുന്ന ഐ.സി.സി വനിതാ ട്വന്റി-20 ലോകകപ്പിലെ രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് നെതർലൻഡ്സിനെ നേരിടും. ലീഡ്സിലെ ഹെഡിങ്‌ലിയിൽ ഇന്ത്യൻ സമയം വൈകിട്ട് 7 മണിക്കാണ് മത്സരം.

RNU TVPM

## ലോകകപ്പ് (ഇൻട്രോ)

ഫിഫ ലോകകപ്പിൽ ഗ്രൂപ്പ് ജെയിലെ ആദ്യ മത്സരത്തിൽ ആഫ്രിക്കൻ കരുത്തരായ അൾജീരിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് നിലവിലെ ലോക ചാമ്പ്യന്മാരായ അർജന്റീന വിജയക്കൊടി പാറിച്ചു. തന്റെ ആറാം ലോകകപ്പിൽ, അർജന്റീനയ്ക്കായി 200-ാം അന്താരാഷ്ട്ര മത്സരം കളിക്കാനിറങ്ങിയ ലയണൽ മെസ്സിയുടെ തകർപ്പൻ ഹാട്രിക്കാണ് അജന്റീനക്ക് സ്വപ്നതുല്യമായ വിജയം സമ്മാനിച്ചത്.

ഒരു റിപ്പോർട്ട്...

(വോയ്സ്..)

## ലോകകപ്പ് (വോയിസ്)

RNU TVPM

കളിമുറ്റത്ത് നീലയും വെള്ളയും ജേഴ്സിയണിഞ്ഞ മാലാഖ ഒരിക്കൽക്കൂടി അവതരിച്ചപ്പോൾ, സ്റ്റേഡിയം ഒന്നടങ്കം ആനന്ദക്കടലിൽ നീന്തി. സ്ക്രീനിൽ കണ്ണുനട്ട് ഫുട്ബോൾ ലോകം കാത്തിരുന്ന ആ മാന്ത്രിക നിമിഷം യാഥാർത്ഥ്യമായി. ഒന്നല്ല, മൂന്നുവട്ടം ആ മിശിഹാ സ്പർശം– ലയണൽ ആന്ദ്രേസ് മെസ്സിക്ക് ലോകകപ്പിലെ ആദ്യ ഹാട്രിക്.

'മെസ്സി' ഒരു കളിക്കാരന്റെ പേരല്ല, മറിച്ച് ഫുട്ബോളിന്റെ ആത്മാവാണെന്ന് ഒരിക്കൽക്കൂടി തെളിയിക്കപ്പെട്ട മറ്റൊരു പോരാട്ടം. ആവേശം അതിരുകടന്ന, നെഞ്ചിടിപ്പിന്റെ നിമിഷങ്ങൾക്കൊടുവിൽ ലോകകപ്പ് ഫുട്ബോളിൽ അർജന്റീനയ്ക്ക് ഐതിഹാസിക വിജയത്തുടക്കം. ഭൂഖണ്ഡാതിരുകൾ മായ്ച്ച ആരാധകവൃന്ദം അർജന്റീനയുടെ പതാകയേന്തി ആഹ്ലാദനൃത്തം ചവിട്ടി. ലോകകപ്പിൽ ആകെ 16 ഗോളുകൾ തികച്ച അർജന്റീനിയൻ സൂപ്പർസ്റ്റാർ, ജർമ്മനിയുടെ ഇതിഹാസ താരം മിറോസ്ലാവ് ക്ലോസെയുടെ എക്കാലത്തെയും വലിയ ലോകകപ്പ് ഗോൾവേട്ടക്കാരൻ എന്ന റെക്കോർഡിനൊപ്പമെത്തി.

ലോകകപ്പിൽ ഹാട്രിക് നേടുന്ന ഏറ്റവും പ്രായം കൂടിയ താരമെന്ന റെക്കോർഡും മുപ്പത്തിയെട്ടുകാരനു സ്വന്തം.

**ന്യൂസ് ഡെസ്ക്, ആകാശവാണി..............**

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

**<u>മഴ - കേരളം</u>**

സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

**<u>പകർച്ചവ്യാധി പ്രതിരോധം</u>**

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൽ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്.

RNU TVPM

നിപ രോഗലക്ഷണങ്ങളുമായി കോഴിക്കോട് ആശുപത്രിയിൽ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചിരുന്ന രണ്ടുപേരെ കൂടി ഡിസ്ചാർജ് ചെയ്തു. ജില്ലയിൽ പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. അതെസമയം, പാലക്കാട് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് ഒരാൾ മരിച്ചു. താഴേക്കോട് പിടിഎം എച്ച്എസ്എസ് സ്കൂൾ അധ്യാപകൻ ജിജോ മോഹനാണ് മരിച്ചത്.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

**<u>പത്മനാഭസ്വാമി ക്ഷേത്രം - ഇൻട്രോ</u>**

തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ മൂലബിംബത്തിന്റെയും ശ്രീകോവിലിലെ പരിവാരദേവതാ വിഗ്രഹങ്ങളുടെയും നവീകരണ ക്രിയ മറ്റെന്നാൾ ആരംഭിക്കും.

1,065 ദിവസം കൊണ്ട് പൂർത്തിയാകുന്ന വിധത്തിലാണ് നവീകരണ പ്രവർത്തികൾ.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

***********************************

## കോട്ടയം -ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം

കോട്ടയം ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ കെടാവിളക്കിൻറെ പാത്തിക്ക് കേടുപാട് സംഭവിച്ചു. ജൂൺ 15 - ന് വൈകുന്നേരം ജീവനക്കാർ ക്ഷേത്രം തുറക്കുന്നതിനിടെ വാതിൽപ്പാളി തട്ടിയാണ് കേടുപാട് സംഭവിച്ചത്. കൊടിമരച്ചുവട്ടിൽ നിന്ന് ക്ഷേത്രത്തിനകത്തേക്ക് കയറുന്ന വാതിലിനും ബലികല്ലിനും നടുവിലായിട്ടാണ് കെടാവിളക്ക് സ്ഥാപിച്ചിരിക്കുന്നത്. കേടുപാടുകൾ സംബന്ധിച്ച് തിരുവാഭരണ കമ്മീഷൻ ഇന്ന് പരിശോധന നടത്തും.

RNU TVPM

***********************************

## എണ്ണ വില

അന്താരാഷ്ട്ര വിപണിയിൽ ബ്രെൻറ് ക്രൂഡ് ഓയിൽ വിലയിൽ വൻ ഇടിവ്. ബാരലിന് 5.4 ശതമാനം ഇടിഞ്ഞ് വില 78.66 ഡോളറിലെത്തി. ഈ വർഷം മാർച്ചിന് ശേഷം ഇതാദ്യമായാണ് ക്രൂഡ് ഓയിൽ വില ബാരലിന് 80 ഡോളറിന് താഴെ എത്തുന്നത്.

*****************************************************************************